**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 513**
**10.03.2015 ലെ മറുപടിക്ക്**

**അസ്തി വികസന പദ്ധതിയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ബസുകൾ**

| **ചോദ്യം.**<br>**ശ്രീ.ആർ. രാജേഷ് എം.എൽ.എ** | | **ഉത്തരം.**<br>**ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി** |
|---|---|---|
| (എ) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.യ്ക്ക് ബസുകൾ വാങ്ങുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുമുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് അസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിടുന്നത്. ബസ്സ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്ത തിനാൽ ഇത്തരം ശുപാർശകൾ അനുവദനീയമല്ല. |
| (ബി) | ഇത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | |
| (സി) | ആസ്തി വികസന പദ്ധതിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.യ്ക്ക് ബസുകൾ വാങ്ങിയിട്ടുള്ള മണ്ഡലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | കെ.എസ്.ആർ.ടി.സി.യ്ക്ക് ബസ് വാങ്ങുന്നതിന് ആസ്തി വികസന പദ്ധതി ഉപയോഗിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല |
| (ഡി) | കെ.എസ്.ആർ.ടി.സി.യ്ക്ക് ബസ് വാങ്ങുന്നതിന് ആസ്തി വികസന പദ്ധതി ഉപയോഗിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**